അവയുടെ അവശിഷ്ടങ്ങൾ , പൊതുവഴികളിലൊ ,തോടുകളിലൊ, പൊതു സ്ഥലങ്ങളിലൊ നിക്ഷേപിക്കുവാൻ പാടുള്ളതല്ല.

22. എല്ലാ ലേലത്തിനും ജി.എസ്.റ്റി ഉൾപ്പെടുന്നതാണ്.
23. മേൽ വ്യവസ്ഥകൾ പാലിക്കുന്നവർ മാത്രം ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.ലേലഹാളിൽ പ്രവേശിക്കുന്നവർ മേൽ വ്യവസ്ഥകൾ പാലിക്കേണ്ടതും മറ്റ് അവകാശങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്

**N.B : അംഗീകൃത കശാപ്പ് ശാല (ലോക്കൽബോഡി ലൈസൻസിൻറ പകർപ്പ്,എഗ്രിമെൻറ എന്നിവ ഹാജരാക്കണം) ൽ വെറ്റിനറി സർജൻ ഭക്ഷ്യ യോഗ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ കശാപ്പ് ചെയ്ത് തന്നുകൊള്ളാമെന്നുള്ള കശാപ്പുശാല ഉടമയുടെ സമ്മതപത്രം ലേലസമയത്ത് ഹാജരാക്കുന്നവരെ മാത്രമെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.**

Secretary
Konni Grama Panchayat
Konni P.O.-Pin-689691

OFFICE OF THE KONNI GRAMA PANCHAYAT

LSGD

# കോന്നി ഗ്രാമപഞ്ചായത്ത്

കോന്നി പി ഒ,പത്തനംതിട്ട.
ഫോൺ: 0468 2242223, ഇ.മെയിൽ. Konnigp@gmail.com

നം.2025/ തീയതി : 03.04.2025

കോന്നി ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലും അധീനതയിലുമുള്ള ചുവടെ ചേർത്തിരിക്കുന്ന ഇനം അംഗീകൃത കശാപ്പുശാലകളിൽ നിന്നും ഇറച്ചികൊണ്ടുവന്ന് വിൽപ്പന നടത്തുന്നതിനുള്ള അവകാശം 2025-2026 വർഷത്തേക്ക് ലേലം ചെയ്തു നൽകുന്നതിന് 2025 ഏപ്രിൽ മാസം 22 തീയതി ചൊവ്വാഴ്ച രാവിലെ 11.30 എ. എം മണിക്ക് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് പരസ്യമായി ലേലം ചെയ്തു നൽകുന്നു.

| ക്രമ നമ്പർ | ലേല ഇനം | ലേല കാലാവധി | നിരതദ്രവ്യം |
|---|---|---|---|
| 1 | കോന്നി ഗ്രാമപഞ്ചായത്ത്-മാട്ടിറച്ചി വ്യാപാരം -കോന്നി നാരായണപുരം മാർക്കറ്റ് ഗ്രാമപഞ്ചായത്ത് ഹാൾ വാടകയ്ക്ക് എടുത്ത്(ലേലത്തിലൂടെ) / ഭൂമിയിൽ താൽക്കാലിക സ്റ്റാൾ നിർമ്മിച്ച് ( തറവാടക വ്യവസ്ഥയിൽ)കശാപ്പുശാല ചട്ടപ്രകാരം കശാപ്പ് ചെയ്ത മാട്ടിറച്ചി കൊണ്ട് വെച്ച് വിൽപ്പന നടത്തുന്നതിനുള്ള അവകാശം | ലേലം ഉറപ്പിക്കുന്ന തീയതിമുതൽ 31.03.2026 വരെ | 50000/- |

## പ്രധാന ലേല വ്യവസ്ഥകൾ

1. ടി സ്ഥലത്ത് അംഗീകൃത കശാപ്പുശാലകളിൽ നിന്നും കശാപ്പ് ചെയ്ത മൃഗങ്ങളുടെ ഇറച്ചി വിൽപ്പന നടത്തുന്നതിനുള്ള അവകാശമാണ് ലേലത്തിലൂടെ ലഭിക്കുന്നത്.
2. ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും നികുതികളൊ ഫീസുകളൊ കുടിശ്ശിക വരുത്തിയിട്ടുള്ളവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പ് പഞ്ചായത്താഫീസിൽ ഹാജരായി മേൽ പറഞ്ഞിരിക്കുന്ന നിരക്കിൽ നിരതദ്രവ്യം കെട്ടിവച്ച് ലേലം കൂടി വിളികേട്ടുകൊള്ളേണ്ടതാണ്.
4. നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കുന്നവരിൽ, ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ നിരതദ്രവ്യം കഴിച്ചുള്ള ബാക്കി ലേല തുക മുഴുവനും , കൂടാതെ ലേലം വിളിച്ച തുകയുടെ 2% തുക മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് , സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (ലേല തുകയുടെ 5%)

ഉൾപ്പെടെ ലേലം കഴിഞ്ഞാലുടൻ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്തി രസീത് കൈപ്പറ്റേണ്ടതാണ്. മേൽ തുക അടവാക്കിയാൽ മാത്രമെ ലേലം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് സ്ഥിരപ്പെടുത്തുകയുള്ളൂ. അല്ലാത്തപക്ഷം രണ്ടാം ലേലക്കാരന് ലേലം ഉറപ്പിച്ച് നൽകുന്നതും ആയത് മൂലം ഉണ്ടാകുന്ന നഷ്ടം ഒന്നാം ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. അല്ലാത്തപക്ഷം ലേലം അസ്ഥിരപ്പെടുത്തുന്നതാണ്.

5. അനധികൃത മാംസം വ്യാപാരമൊ, കശാപ്പ് ചെയ്യലൊ, ഹരിതചട്ട ലംഘനമൊ ശ്രദ്ധയിൽപ്പെട്ടാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് പിഴത്തുകയായി പഞ്ചായാത്ത് അക്കൗണ്ടിൽ വരവ് ചെയ്യുന്നതും ലേലം അസ്ഥിരപ്പെടുത്തി/റദ്ദ് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.
6. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് കശാപ്പുശാലകളും ഇറച്ചിക്കടകളും നടത്തുന്നത് സംബന്ധിച്ച ചട്ടങ്ങൾക്ക് വിധേയമായി ഇറച്ചി സ്റ്റാളുകളുടെ വ്യാപാരം ഗ്രാമപഞ്ചായത്ത് നിയന്ത്രിക്കുന്നതാണ്. മാംസക്കടയിൽ വെച്ചോ അവയുടെ പരിസരങ്ങളിൽ വെച്ചോ മൃഗങ്ങളെ കശാപ്പ് ചെയ്യാനും മൃഗങ്ങളെ സൂക്ഷിക്കാനും മാംസക്കടയിൽ അല്ലാതെ മാംസ വിൽപ്പന നടത്താനും പാടുള്ളതല്ല. മാംസം വിൽപ്പനയ്ക്ക് മുമ്പ് വെറ്റിറനറി സർജൻ പരിശോധിച്ച് സീൽ ചെയ്തിരിക്കണം. അല്ലാത്തപക്ഷം അനധികൃതമെന്ന് തെളിഞ്ഞാൽ ലേലം റദ്ദ് ചെയ്യുന്നതായിരിക്കും.
7. ന്യായമെന്ന് തോന്നുന്ന ഏതെങ്കിലും കരണത്താൽ ലേലം മാറ്റി വെക്കുന്നതിനോ ലേലം നിർത്തി വെക്കുന്നതിനോ ഏതെങ്കിലും ആൾക്കരെ ലേലത്തിൽ പങ്കെടുപ്പിക്കാതിരിക്കുന്നതിനോ ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
8. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ മേൽ വിലാസവും സ്ഥിരതാമസവും തെളിയിക്കുന്നതിലേക്ക് റേഷൻകാർഡ് / ആധാർ/പാസ് പോർട്ട്/ ഇലക്ഷൻ ഐഡി ഇവയുടെ ഏതെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ വശം ലേലം ആരംഭിക്കുന്നതിന് മുന്നേ ഏൽപ്പിക്കേണ്ടതാണ്.
9. ലേലദിവസം അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതായിരിക്കും
10. സോൾവൻസിയോ ,സെക്യൂരിറ്റി ഡെപ്പോസിറ്റോ ഇല്ലാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
11. ഇറച്ചി സ്റ്റാൾ ലേലം കൊള്ളുന്നവർ സ്റ്റാളും പരിസരവും പകർച്ച വ്യാധികൾ വരാതെ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
12. ലേലം ഇനം ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ താൽക്കാലികമായി സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും അന്തിമമായി ലേലം അംഗീകരിച്ച് സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചയാത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.
13. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലം കൊണ്ടയാൾ ലേലം വിളിച്ച ലേലസംഖ്യ ജി.എസ്.റ്റി ഉൾപ്പടെ ഒന്നായി അന്നേ ദിവസം തന്നെ ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതും സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം 500 രൂപയുടെ മുദ്രപത്രത്തിൽ നിയമാനുശ്രിത എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യ സംഖ്യ പഞ്ചായത്തിൽ മുതൽക്കൂട്ടുന്നതും ലേലാവകാശം രണ്ടാം സ്ഥാനക്കാരന് നൽകുകയോ പുനർലേലം ചെയ്യുകയോ ചെയ്യുന്നതാണ്. ലേല വ്യവസ്ഥ പ്രകാരം ലേലം തുക മൊത്തമായി ഒടുക്കാത്തപക്ഷം ഗ്രാമപഞ്ചായത്ത് കമ്മിറ്റി ലേലം സ്ഥിരപ്പെടുത്തി അംഗീകരിക്കുന്നതല്ല. രണ്ടാം സ്ഥനക്കാരന് ലേലം ഉറപ്പിച്ച് നൽകുന്നതാണ്.
14. ഒന്നും രണ്ടും സ്ഥാനക്കാരുടേത് ഒഴിച്ച് ലേലത്തിൽ പങ്കെടുത്ത മറ്റാളുകളുടെ നിരതദ്രവ്യ സംഖ്യ മടക്കി കൊടുക്കുന്നതാണ്.ലേലം കൊണ്ടയാൾ എഗ്രിമെന്റ വയ്ക്കുന്നമുറയ്ക്ക് രണ്ടാം സ്ഥാനക്കാരന്റ നിരതദ്രവ്യ സംഖ്യ മടക്കി നൽകുന്നതാണ്.
15. ലേലം വിളി കേട്ട് സ്ഥിരപ്പെടുത്തിയ ആൾ ലേലാവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുകയൊ മറിച്ചുകൊടുക്കയൊ ചെയ്യാൻ പാടില്ലാത്തതാണ്. ഇപ്രകാരം ചെയ്തതായി ഗ്രാമപഞ്ചായത്തിന് അറിവ് ലഭിച്ചാൽ അതേ കാരണം പറഞ്ഞ് കുത്തക അവകാശം റദ്ദ് ചെയ്യുന്നതും അയാളുടെ ജാമ്യ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുമാണ്.
16. നിരോധിത പ്ലാസ്റ്റിക്ക് ഡിസ്പോസിബിൾ ഗ്ലാസുകൾ, പ്ലേറ്റുകൾ, സർക്കാർ സമയാസമയങ്ങളിൽ നിരോധിക്കുന്ന മറ്റ് വസ്തുക്കൾ എന്നിവ സൂക്ഷിക്കുകയോ, വിപണനം നടത്തുകയൊ, ഉപോയഗിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.
17. ഏതെങ്കിലും ലേലക്കാരൻ മേൽ വിവരിച്ച ലേല വ്യവസ്ഥകൾക്കും കേരള പഞ്ചായത്ത് രാജ് മാർക്കറ്റ് ചട്ടങ്ങൾക്കും വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ഇയാളുടെ കുത്തകാവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദാക്കി ടിയാൻറെ നഷ്ട ഉത്തരവാദിത്തത്തിൽ ടി ലേലം പുനർലേലം ചെയ്യുന്നതും കൂടാതെ ടിയാൻ കെട്ടിവെച്ച ജാമ്യ സംഖ്യ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുമാണ്.
18. പൊതു താൽപര്യത്തെ കരുതി 30 ദിവസത്തെ നോട്ടീസ് നൽകി ലേലക്കാരനെ ഒഴിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.
19. എല്ലാവിധ ലേലങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ ചുമത്തുന്ന നികുതികൾക്ക്(ജി.എസ്.റ്റി ഉൾപ്പടെ) വിധേയമാണ്.
20. കശാപ്പ് ചെയ്ത മാട്ടിറച്ചി കൊണ്ട് വന്ന് മറിച്ച് വിൽപ്പന നടത്തുന്നതിനുള്ള കുത്തകാവകാശം കൊള്ളുന്നയാൾ 2025 ഏപ്രിൽ 30 ന് മുമ്പ് കരാറുകളും രേഖകളും ഹാജരാക്കേണ്ടതാണ്.
21. ഇറച്ചി വ്യാപാരം ചെയ്യുന്നതിനുള്ള അവകാശം ലേലം പിടിക്കുന്നവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 9-9-1998 ലെ 2383/98 നമ്പർ ഒപി യിലെ ഉത്തരവ് പ്രകാരം കച്ചവടസ്ഥലത്തോ അല്ലാതെയൊ ഏതെങ്കിലും ലൈസൻസുള്ള പരിസരങ്ങളിലൊ മറ്റ് ഏതെങ്കിലും സ്ഥലത്തോ തയാർ ചെയ്തതോ, അല്ലാതെയോ ആയ മൃഗങ്ങളുടെയൊ, പക്ഷികളുടേയൊ ശരീരഭാഗങ്ങൾ പൊതുജനങ്ങൾക്ക് കാഴ്ചയിൽ അസഹതയൊ, പീഢയോ ഉണ്ടാകുന്ന തരത്തിൽ പ്രദർശിപ്പിക്കാൻ പാടില്ലാത്തതാകുന്നു. അതുപോലെ